ശ്രീ. എ. ജെ. ജാൺ : മന്നിനു് 11 രൂപയ്ക്കു് അരി കിട്ടണമെന്നാണു് ഇൻഡ്യാഗവണ്മെൻറു് എഴുതിയിട്ടുള്ളതു്. ഏകദേശം 11 അണ ട്രാൻസ്പോർട്ടിനും മില്ലിംഗിനുമായി ചെലവുവരും. ഇതുകുറച്ചു് ബാക്കി 10 രൂപ 5 അണയ്ക്കു് റയിൽവേസ്റ്റേഷനിൽ കൊടുക്കണം. ഒരു മന്നെന്നു പറയുന്നതു് ഏഴരപറ നെല്ലുവരും. ഏഴരപറ നെല്ലു് റയിൽവേസ്റ്റേഷനിൽ കൊണ്ടുകൊടുക്കുമ്പോൾ 10 രൂപ 5 അണയാണു് വില ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. ഇങ്ങനെ നെല്ലു ശേഖരിക്കണമെന്നാണു് ഇൻഡ്യാഗവണ്മെൻറു പറഞ്ഞിരിക്കുന്നതു്. ഇവിടെ ചമ്പാവരിക്കു് നാഗർകോവിൽ ചാക്കിനു് 31 രൂപ 6 അണ മുതൽ 35 രൂപ 14 അണ വരെ വിലയുണ്ടു്. ആലപ്പുഴെ പുഴക്കലരിക്കു് 27 രൂപ മുതൽ 32 രൂപ വരെ വിലയുണ്ടു്. അതുകൊണ്ടു് തൽക്കാലം ഇൻഡ്യാഗവണ്മെൻറു പറഞ്ഞിരിക്കുന്ന വിലവച്ചു് നെല്ലുവാങ്ങാൻ നിവൃത്തിയില്ല. ഇവിടെ വില കൂടുതലാണെന്നു അറിയിച്ചിട്ടുണ്ടു്.

ഗെയിം ഫീസു്.

* 11. [11] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955-56 വിദ്യാലയ വർഷത്തിൽ ഗെയിം ഫീസിനത്തിൽ സ്റ്റോറിലെ ഹൈസ്കൂളുകളിൽ നിന്നുള്ള മൊത്തം വരവെത്ര ; പ്രൈവറ്റു് സ്കൂളുകളിൽനിന്നെത്ര ; ഡിപ്പാർട്ടുമെൻറു സ്കൂളുകളിൽ നിന്നെത്ര ;

(ബി) ഈ കാലയളവിലേയ്ക്കു് സ്റ്റോറിലെ മിഡിൽസ്കൂളുകളിൽ നിന്നും ഈ ഇനത്തിൽ എത്ര വരവുണ്ടായി ; ഡിപ്പാർട്ടുമെൻറു സ്കൂളുകളിൽ നിന്നെത്ര ; പ്രൈവറ്റുസ്കൂളുകളിൽനിന്നെത്ര ;

(സി) ഈ വക തുകയുടെ വിനിയോഗത്തെ നിയന്ത്രിക്കുന്ന വ്യക്തമായ നിയമങ്ങളും നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ ; വേണ്ടുന്ന നിയമങ്ങളും നിലവിലില്ലെങ്കിൽ ഉടനടി ആവശ്യമായ വ്യവസ്ഥകളും ഏർപ്പെടുത്തുവാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും മുഴുവനും ശേഖരിക്കാൻ വേണ്ടിടത്തോളം സമയം കിട്ടിയില്ല. വളരെ ഏറെ സ്കൂളുകളിൽനിന്നും കണക്കുകളും ശേഖരിക്കേണ്ടതുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : (സി)-യുടേയും (ഡി)-യുടേയും ഉത്തരം കിട്ടിയാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (സി)-യും (ഡി)-യും ഈ വക തുകകളുടെ വിനിയോഗത്തെ നിയന്ത്രിക്കുന്ന വ്യക്തമായ നിയമങ്ങളും നിലവിലുണ്ടു്. അതുകൊണ്ടു് വേറെ നിയമങ്ങളും ഉണ്ടാക്കേണ്ട പ്രശ്നം ഉദിക്കുന്നില്ല. ഇതുസംബന്ധിച്ചു് പല ആക്ഷേപങ്ങളും ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണപിള്ള : ഗയിം ഫീസിനത്തിൽ പിരിക്കുന്ന തുകകൊണ്ട് ആ ആവശ്യത്തിനതന്നെ ഉപയോഗിക്കുന്നുണ്ടെന്ന ഗവണ്മെൻറിനു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പല സ്കൂളുകളിലും ശരിക്കു നടക്കുന്നില്ലെന്ന ആക്ഷേപമുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള : കായ്കവിനോദത്തിനു സ്ഥലസൗകര്യമില്ലാത്ത സ്കൂളുകളും ഈ ഫീസ് പിരിക്കുന്നതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പിരിക്കുന്നുണ്ടെന്നാണ് തോന്നുന്നത്. നമ്മുടെ രാജ്യത്തു വളരെയേറെ സ്കൂളുകളുണ്ട്. ചില സ്കൂളുകളിൽ വേണ്ടിടത്തോളം സ്ഥലമില്ലാത്തതു ഒരു വലിയ പ്രശ്നമാണ്. പ്രൈമറിസ്കൂളുകൾക്കും, മിഡിൽസ്കൂളുകൾക്കും, ഹൈസ്കൂളുകൾക്കും ഇത്ര ഏക്കർ ഭൂമി ഉണ്ടായിരിക്കണമെന്നു നിബന്ധനകളുണ്ട്. പക്ഷെ അത്രയും സ്ഥലം പലയിടത്തും ഉണ്ടാക്കാൻ സാധിക്കുന്നില്ല. നമ്മുടെ ഡൻസിറ്റി ആക്ട് പോപ്പുലേഷൻമൂലം ഇതിൽ വളരെ വിഷമമുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള : പ്രൈവറ്റുസ്കൂളുകളിൽ ഗയിംഫീസ് പിരിഞ്ഞുകിട്ടുന്നതു മാനേജരുടെ സ്വകാര്യസ്വത്തായി കണക്കാക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയല്ല. ഗയിം ഫീസ് പിരിക്കുന്നതു ഹെഡ്മാസ്റ്ററാണ്.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഗയിംസ് നടത്തുന്നതിനു സ്ഥലമില്ലാത്ത സ്കൂളുകൾ ഗയിംഫീസ് പിരിക്കാതിരിക്കാൻ വേണ്ടതു ചെയ്യുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്ഥലക്കുറവുണ്ടെന്നുവച്ച് അവിടെ ഗയിംസ് ഇല്ലെന്നർത്ഥമില്ല. സ്ഥലത്തിനനുസരണമായ ഗയിംസുകൾ നടത്തും.

ലൈബ്രറി ഫീസ്.

* 12. [12] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955-56 വിദ്യാലയവർഷത്തിൽ സ്റ്റേറ്റിലേ ഗവണ്മെൻറ് ഹൈസ്കൂളുകളിൽ നിന്നും ലൈബ്രറി ഫീസിനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട് ;

(ബി) ഈ കാലത്തേയ്ക്കു സ്റ്റേറ്റിലെ പ്രൈവറ്റ് ഹൈസ്കൂളുകളിൽ ലൈബ്രറിഫീസിനത്തിൽ എന്തു വരവുണ്ടായിരുന്നു ;

(സി) ഈ വക സംഖ്യ ഓരോ സ്കൂളിലും അതാതുകൊല്ലംതന്നെ വിനിയോഗിക്കണമെന്നു് എന്തെങ്കിലും വ്യവസ്ഥയുണ്ടോ ;

(ഡി) പല വിദ്യാലയങ്ങളിലും ഈ തുക വിനിയോഗിക്കപ്പെടുന്നില്ലെന്ന ഗവണ്മെൻറിനറിയാമോ ;

(ഇ) ഈ വിഷയത്തിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി എന്തെങ്കിലും പരിപാടികൾ ഗവണ്മെൻറ് ആസൂത്രണം ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly